No.P.4 /14

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)
അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും വി. പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള
യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ

# ബസ്സേലിയോസ് തോമസ് പ്രഥമൻ

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദരന്മാരായ അഭി. മെത്രാപ്പോലീത്തന്മാർക്കും, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാർക്കും, വന്ദ്യ റമ്പാച്ചന്മാർക്കും, ബഹു. വൈദീകർക്കും, പ്രിയ ശെമ്മാശന്മാർക്കും, നമ്മുടെ എല്ലാ പള്ളികളിലെയും ബഹു.വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാപ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ,**

വളരെയധികം ദു:ഖത്തോടും, വേദനയോടും കൂടിയാണ് ഇത് എഴുതുന്നത്. ആകമാന സുറിയാനി സഭയുടെ പരമമേലദ്ധ്യക്ഷനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി. പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഈവാസ് ബാവ തിരുമനസ്സ് ദൈവതിരുസന്നിധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നതായ വിവരം ഇതിനോടകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഇന്ത്യയിലെ പരി. സഭയെ ഇത്രമാത്രം സ്നേഹിക്കുകയും കരുതുകയും ചെയ്തിട്ടുള്ള മറ്റൊരുപിതാവ് ഉണ്ടായിട്ടില്ല. സഭയുടെ പ്രതിസന്ധിയുടെ നാളുകളിൽ കരുതുകയും സഭയുടെ നിലനിൽപിന് ആവശ്യമായ സകലതും നിവർത്തിച്ച് തരുകയും ചെയ്തിട്ടുള്ള പരി.പിതാവിനെ നമുക്ക് മറക്കുവാൻ കഴിയുകയില്ല. ലോകമെമ്പാടും ഉള്ള സുറിയാനി സഭയ്ക്ക് പരി.പിതാവിന്റെ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള വളർച്ച വളരെ വലുതാണ് എന്ന് ഇത്തരുണത്തിൽ ഓർക്കാം. നാലുതവണ ഇന്ത്യയിൽ ശ്ലൈഹീക സന്ദർശനം നടത്തി പരി.സഭയ്ക്ക് കരുത്തും, ഉണർവ്വും പകർന്ന് നൽകുവാൻ അനാരോഗ്യത്തിൽ പോലും പരി.പിതാവ് തയ്യാറായി എന്നുള്ളത് ഈ സഭയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും കരുതലുമാണ്. പരി.പിതാവിന്റെ ദേഹവിയോഗം വേദനയോടെയാണ് അഭി.തിരുമേനിമാരും, ബഹു.വൈദീകരും, വിശ്വാസികളും കേൾക്കാൻ ഇടയായത്. പരി.പിതാവിന്റെ ആത്മശാന്തിക്കായി ഒരുമിച്ച് പ്രാർത്ഥിക്കാം. പരി.സഭയുടെ സുന്നഹദോസും ഔദ്യോഗിക സമിതികളും അടിയന്തരമായി ചേർന്ന് പരി.പിതാവിനോടുള്ള ആദരസൂചകമായി 30 ദിവസത്തെ ദു:ഖാചരണം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം പരി.സഭയുടെ എല്ലാ ഔദ്യോഗിക പരിപാടികളും മാറ്റി വയ്ക്കുകയും ചെയ്തിരിക്കുന്നു. പരി.പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുക്കുവാനായി ബലഹീനനായ ഞാനും, അഭി.പിതാക്കന്മാരും ക്രമീകരണം ചെയ്തുവരുകയാണ്. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ഞായറാഴ്ച വി.കുർബ്ബാന മദ്ധ്യേ പരി.പിതാവിന്റെ ആത്മശാന്തിക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്ന് ഹൃദയവേദനയോടെ നാം നിങ്ങളെ അറിയിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......................

ദൈവം അനുഗ്രഹിക്കട്ടെ

പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽ നിന്നും,
2014 മാർച്ച് മാസം 21-ാം തീയതി.

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**